LIBRARY ARCHIVES Kerala Legislative Assembly

താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

44 (49) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലും സ്ഥാപനങ്ങളിലും താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ; താത്കാലിക ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; കേരള ഹൗസിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങൾ എപ്രകാരമായിരുന്നു.;

(ബി) ന്യൂഡൽഹിയിലെ കേരള ഹൗസിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എത്ര വർഷത്തെ സർവീസുള്ള വരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത് ; ഇവർക്ക് നിയമനം ലഭിച്ചത് ഏത് തീയതിയിൽ ഏപ്രകാരമായിരുന്നു.;

(സി) മൂന്ന് വർഷം പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെയെല്ലാം സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ ; കേരള ഹൗസിലെ സ്ഥിരപ്പെടുത്തൽ ഉത്തരവ് സർവ്വീസിലുള്ള എല്ലാതരം താത്കാലിക ജീവനക്കാർക്കും ബാധകമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലും സ്ഥാപനങ്ങളിലും താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ്. എന്നാൽ ന്യൂഡൽഹി കേരള ഹൗസിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ലാത്തതിനാൽ ലോക്കൽ റിക്രൂട്ട്മെന്റ് രീതിയിലാണ് നടന്നുവരുന്നത്.

(ബി) ന്യൂഡൽഹി കേരള ഹൗസിൽ മൂന്നുവർഷം സർവ്വീസ് പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19-9-2015 ലെ ജി.ഒ. (എം.എസ്.)241/ 15/പൊ.ഭ.വ. ഉത്തരവ് പ്രകാരം 40 പേരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മൂന്നുവർഷം പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെയെല്ലാം സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനമില്ല. കേരള ഹൗസിലെ സ്ഥിരപ്പെടുത്തൽ ഉത്തരവ് താത്കാലിക ജീവനക്കാർക്ക് ബാധകമാക്കാൻ നിലവിൽ തീരുമാനങ്ങൾ ഒന്നുംതന്നെയില്ല.